ഉത്തരം

(എ) തയ്യാറാക്കിയിരുന്നു.

(ബി) 26 പേരെ നിയമിച്ചു. നിയമന കാലാവധി ഒരു വർഷമായിരുന്നു.

(സി) ഉണ്ട്.

(ഡി) നിയമോപദേശം ലഭിച്ചിട്ടില്ല.

(ഇ) ഗവൺമെന്റ് പ്രതിനിധികളായിട്ടുള്ള ആരും പങ്കെടുത്തില്ല.

(എഫ്) രണ്ടു പേരുണ്ട്.

(ജി) ഇല്ല.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

(ഐ) അപ്രകാരം കോച്ചായി നിയമിക്കുന്നതിനുള്ള റെഗുലേഷൻ ഉള്ളതായി അറിവില്ല.

174(202) മൈനർ പോർട്ടുകളുടെ വികസനം

ശ്രീ. പി.ജെ.ഫ്രാൻസിസ് :

ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ :

(എ) സംസ്ഥാനത്ത് ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ അടിസ്ഥാനത്തിൽ ഏതെല്ലാം മൈനർ പോർട്ടുകളാണ് വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് ഏതെങ്കിലും ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതാണ്;

(സി) ഇവയുടെ വികസനം സംബന്ധിച്ച ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വിശദീകരിക്കുമോ;

(ഡി) ഇവയുടെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(ഇ) ഇപ്പോഴത്തെ നിലയിൽ ഇവയുടെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ,ബി)വിഴിഞ്ഞം (തിരുവനന്തപുരം), തങ്കശ്ശേരി(കൊല്ലം), മുനമ്പം (കൊടുങ്ങല്ലൂർ), ബേപ്പൂർ (കോഴിക്കോട്), അഴീക്കൽ(കണ്ണൂർ), എന്നീ തുറമുഖങ്ങളാണ് ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ അടിസ്ഥാനത്തിൽ വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനുള്ള ഡി.ഒ.റ്റി കരാർ 4.3.1998 ലും വിഴിഞ്ഞം തുറമുഖത്തിനായുള്ളത് 15.11.99 ലും മുനമ്പം (കൊടുങ്ങല്ലൂർ തുറമുഖത്തിനായുള്ളത് 13.1.2000 ലും ഒപ്പുവച്ചു.

(സി) ബേപ്പൂർ തുറമുഖത്തിന്റെ വികസനം സംബന്ധിച്ച പണികൾ പ്രൊമോഷൻ കമ്പനി ആരംഭിച്ചെങ്കിലും പിന്നീട് നിറുത്തിവച്ചു. വിഴിഞ്ഞം, മുനമ്പം എന്നീ തുറമുഖങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബേപ്പൂർ തുറമുഖ വികസനത്തിനായുള്ള ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് കിട്ടുകയും. അതനുസരിച്ച് നിർമ്മാണ പ്രവർത്തനം ആരംഭിച്ചുവെങ്കിലും പ്രമോഷൻ കമ്പനി ഇപ്പോൾ പണി നിറുത്തി വച്ചിരിക്കുകയാണ്. വിഴിഞ്ഞം, മുനമ്പം (കൊടുങ്ങല്ലൂർ) എന്നീ തുറമുഖങ്ങളുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് കിട്ടിയിട്ടില്ല. ഇതു കിട്ടുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണം എപ്പോൾ പൂർത്തിയാകുമെന്ന് പറയുവാൻ കഴിയുകയുള്ളു.

(ഇ) ബേപ്പൂർ തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ടില്ല. മുനമ്പം (കൊടുങ്ങല്ലൂർ) വിഴിഞ്ഞം തുറമുഖങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. കഴിവതും വേഗം തുറമുഖങ്ങളുടെ വികസനം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

175(203) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന നടപ്പാക്കുന്ന കെസ്റു പദ്ധതി

ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. എം.നാരായണൻ(കുഴൽമന്ദം) :
ശ്രീ. രാജു എബ്രഹാം :
ശ്രീമതി ഗിരിജാസുരേന്ദ്രൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ :

(എ) സംസ്ഥാനത്ത് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പാക്കുന്ന കെസ്റു പദ്ധതി വിപുലീകരിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ എപ്രകാരം വിപുലീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഇ) പദ്ധതിക്ക് ആവശ്യമായ പ്രചാരം ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) കെസ്റു പദ്ധതി പ്രകാരം അനുവദിക്കുന്ന വായ്പാ തുകയുടെ പരിധി എത്രയെന്ന് വെളിപ്പെടുത്തുമോ;

(ജി) തുക കാലോചിതമായി ഉയർത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) സാമ്പത്തിക വർഷാരംഭം മാത്രമേ കെസ്റു പദ്ധതിയ്ക്കുള്ള അപേക്ഷകൾ പരിഗണിക്കൂ എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പദ്ധതി നടപ്പാക്കി വരുന്നതേയുള്ളു. ഇപ്പോൾ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

2/89/05/S.M.T. 27

LIBRARY ARCHIVES Kerala Legislative Assembly